LIBRARY ARCHIVES Kerala Legislative Assembly

കാട്ടുമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ നടപടി

293 (3927) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനവാസകേന്ദ്രങ്ങളിലേക്ക് കാട്ടുപന്നി, കുരങ്ങ് തുടങ്ങിയ വന്യജീവികൾ അതിക്രമിച്ച് കയറി ജനങ്ങളെ ആക്രമിക്കുകയും കാർഷിക വിളകൾ നശിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

(ബി) അടുത്തകാലത്തായി കാട്ടുമൃഗങ്ങൾ കൂടുതലായി നാട്ടിലേക്കിറങ്ങുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ;

(സി) കാർഷിക വിളകൾ നഷ്ടപ്പെടുന്നവർക്കും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) ആക്രമണകാരികളായ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുമ്പോൾ അവയെ കൊല്ലുന്നതിനോ നേരിടുന്നതിനോ വ്യവസ്ഥയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വനാതിർത്തി പങ്കുവയ്ക്കുന്ന ഗ്രാമങ്ങളിലും മലയോര പട്ടണങ്ങളിലും വന്യജീവികൾ വനത്തിനുപുറത്തുള്ള കൃഷിയിടങ്ങളിൽ ഇരതേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം വന്യജീവികൾ ഇര തേടുന്നതു നിമിത്തം കാർഷിക വിളകൾ നഷ്ടപ്പെടുന്നതായും വളർത്തുമൃഗങ്ങൾക്ക് പരിക്കും ജീവഹാനിയും ഉണ്ടാകുന്നതായും മനുഷ്യന്റെ ജീവനും സ്വത്തിനും അപകടങ്ങൾ ഉണ്ടാകുന്നതായും കണ്ടുവരുന്നു.

(ബി) വനപാർശ്വ പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചതിന്റെ വിവിധ കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. വനപാർശ്വ ഗ്രാമങ്ങളിലെയും മലയോര പട്ടണങ്ങളിലെയും ഉയർന്ന ജനസാന്ദ്രതയും നഗരവത്ക്കരണവും.
2. വനഭൂമി വനേതര വികസനാവശ്യങ്ങൾക്കായും, വ്യാവസായിക ഏകവിളത്തോട്ടങ്ങൾക്കായും വിനിയോഗിക്കേണ്ടി വന്നതിനാൽ വന്യജീവി ആവാസവ്യവസ്ഥയിലുണ്ടായ അധിക സമ്മർദ്ദം.

3. ഫലപ്രദമായ സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.
4. വനാതിർത്തി സമീപം വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള കൃഷിരീതികൾ.
5. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം.
6. വനത്തിനുള്ളിലെ കന്നുകാലി മേച്ചിൽ.
7. വന്യമൃഗങ്ങളുടെ സ്വാഭാവിക സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതുമൂലം.

(സി) വന്യജീവി സംരക്ഷണ നിയമം 1972-ന്റെ 1 മുതൽ 4 വരെ ഷെഡ്യൂളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി "The Kerala Rules for Compensation to Victims of Attack by Wild Animals, 1980" എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്:

ക്രമ നമ്പർ	കഷ്ടനഷ്ടങ്ങളുടെ സ്വഭാവം	നഷ്ടപരിഹാരത്തുക
1	വിള നാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം	തിട്ടപ്പെടുത്തിയ നഷ്ടത്തിന്റെ 100 % (പരമാവധി 75,000 രൂപ ഒരു വർഷം പരമാവധി 4തവണയായി 3 ലക്ഷം രൂപ)
2	പരിക്ക്	പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും തിരികെ ലഭിക്കും
3	സ്ഥായിയായ അംഗഭംഗം	പരമാവധി 75,000 രൂപ
4	മരണം	5 ലക്ഷം രൂപ
5	വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം	1 ലക്ഷം രൂപ

വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്നുള്ള വ്യവസ്ഥ വർഷത്തിൽ നാല് തവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇൻഷ്വറൻസ് പരിരക്ഷ:

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു :

(i) വനത്തിനുള്ള താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്

1	അപകട മരണം / അംഗ വൈകല്യം	1,00,000 രൂപ
2	ചികിത്സാനുകൂല്യം-രോഗംമൂലമോ അപകടം മൂലമോ ഉണ്ടാകുന്ന ആശുപത്രി ചെലവ്	5,000 രൂപ വരെ
3	ആംബുലൻസ്/വാഹന വാടക	1,000 രൂപ വരെ
4	പ്രകൃതി ദുരന്തം, വന്യജീവി ആക്രമണം എന്നിവ മൂലം വീട്, കടിലുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം	5,000 രൂപ വരെ

(ii) വനത്തിനു പുറത്ത് താമസിക്കുന്ന മറ്റുള്ളവർ:

ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭവിച്ച സ്ഥലത്തെ റെയ്ഞ്ച് ഓഫീസർ വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

(ഡി) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്കുപയോഗിച്ച് വെടിവെച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് 17-11-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 95/2014/വനം പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട് :

1. കൃഷിയിടത്തിൽ വച്ച് വേട്ടയാടിയ കാട്ടുപന്നിയെ/കാട്ടുപന്നികളെ ജീവനോടെയോ അല്ലാതെയോ അധികാരതിർത്തിയിലുള്ള വനംവകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ച് കൊടുക്കണം.

2. വേട്ടയാടുന്നതിന് ഉപയോഗിച്ച ആയുധം സ്വതന്ത്ര സാക്ഷികൾ സഹിതം പരിശോധനയ്ക്കായി, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ 24 മണിക്കുറിനകം ഹാജരാക്കേണ്ടതാണ്.

3. കാട്ടുപന്നിയെ വെടിവച്ചു കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

4. വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5. കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

6. ഇത്തരം കേസുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി കാട്ടുപന്നികളെ വെടിവച്ച് കൊന്നാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്കുംകൂടി വിധേയമായിട്ടാണ്:

1. കയ്യേറിയ റവന്യൂലൈസ് ചെയ്യപ്പെടാത്ത വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ചു കൊല്ലുവാൻ പാടുള്ളതല്ല.

2. മൂലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലുവാൻ പാടുള്ളതല്ല.

3. ഒരു കാട്ടുപന്നിയെ വെടിവയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേയ്ക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടവെയ്ക്കാൻ പാടില്ലാത്തതാണ്.

4. വെടിവെച്ചു കൊല്ലപ്പെടുന്ന പന്നിയെ വനം വകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly